# പള്ളികുദാശകാലം

## വചന വിചിന്തനം

### പള്ളികുദാശകാലം രണ്ടാം ഞായർ

മത്താ 12,1-21

> **"ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" എന്നു പറയുന്നവൻ ബലിജീവിതം വേണ്ട; കരുണ മാത്രം മതി എന്നല്ല അർത്ഥമാക്കുന്നത്. മറിച്ച്, ബലിജീവിതം കരുണ നിറഞ്ഞ പ്രവർത്തിയിലേയ്ക്ക് നയിക്കപ്പെടണം എന്നതാണ്. ചുരുക്കത്തിൽ, പ്രാർത്ഥനപ്പോലെ ജീവിതവും ജീവിതംപ്പോലെ പ്രാർത്ഥനയും!**

*വിശക്കുന്നവന് ഭക്ഷണം നൽകാതെ വിശപ്പടക്കാൻ പരിശ്രമിക്കുന്നവരെ വിധിക്കുന്ന ഫരിസേയർ തിന്മയുടെ പ്രതീകം തന്നെയാണ്!*

ബലിജീവിതം നയിക്കപ്പെടേണ്ടത് കരുണ നിറഞ്ഞ പ്രവർത്തിയിലേയ്ക്കാണ്. പലപ്പോഴും അന്ധമായ ബലിജീവിതത്തിന്റെ പേരിൽ കരുണ പങ്കുവയ്ക്കാൻ മറന്നുപോകുന്ന വിപത്ത് പലരെയും ഗ്രസിക്കാറുണ്ട്. ഈ ദുരന്തം യഹൂദരുടെ ജീവിതത്തിൽ അധികമായപ്പോൾ അതിനെ ശക്തിയുക്തം എതിർത്തുക്കൊണ്ട് കർത്താവ് പറയുകയാണ്; "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" (മത്താ 12,7).

വിശന്നപ്പോൾ ദാവീദും അനുചരൻമാരും ദൈവഭവനത്തിൽ പ്രവേശിച്ച്, പുരോഹിതൻമാർക്കല്ലാതെ തനിക്കോ സഹചരൻമാർക്കോ ഭക്ഷിക്കാൻ അനുവാദമില്ലാത്ത കാഴ്ചയപ്പം ഭക്ഷിച്ചത് അറിയാവുന്ന യഹൂദൻമാർ ക്രിസ്തുവിന്റെ ശിഷ്യൻമാർ സാബത്തിൽ ഗോതമ്പുകതിരുകൾ പറിച്ചുതിന്നുമ്പോൾ ഫരിസേയർ ക്രിസ്തുശിഷ്യൻമാരെ കുറ്റപ്പെടുത്തി ക്രിസ്തുവിനോട് പറയുകയാണ്;

"നോക്കൂ, സാബത്തിൽ നിഷിദ്ധമായത് നിന്റെ ശിഷ്യൻമാർ ചെയ്യുന്നു."

ഇത് കേൾക്കുന്ന കർത്താവ് തന്റെ ശിഷ്യൻമാരെ ന്യായീകരിക്കുകയല്ല. മറിച്ച്, ഫരിസേയരുടെ തെറ്റുകളെ ചൂണ്ടികാണിക്കുകയാണ്. ക്രിസ്തു അവരുടെ അടുത്ത് മറുചോദ്യം ചോദിക്കുകയാണ്.

"സാബത്തു ദിവസം ദേവാലയത്തിലെ പുരോഹിതൻമാർ സാബത്തു ലംഘിക്കുകയും അതേ സമയം കുറ്റമറ്റവരായിരിക്കുകയും ചെയ്യുന്നതെങ്ങനെയെന്ന് നിങ്ങൾ നിയമത്തിൽ വായിച്ചിട്ടില്ലേ? അതുകൊണ്ട്, ഞാൻ നിങ്ങളോടു പറയുന്നു: ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്."

ഇതിൽ ഒരിക്കൽപ്പോലും ബലിവേണ്ട എന്ന ധ്വനി ഇല്ല. മറിച്ച്, ബലിജീവിതം കരുണ നിറഞ്ഞ ജീവിതശൈലിയിലേയ്ക്ക് ആനയിക്കുന്നതായിരിക്കണം എന്നതാണ് ഓർമ്മപ്പെടുത്തുന്നത്. ക്രിസ്തുവിന്റെ ജീവിതത്തിലേയ്ക്ക് ഒന്നുനോക്കുക. ബലിജീവിത്തിന്റെ അന്തഃസത്ത നഷ്ടപ്പെടാതെതന്നെ കരുണയ്ക്ക് ഏറെ വില കൽപ്പിച്ചിരുന്നു. മർക്കോസ് എഴുതിയ സുവിശേഷത്തിൽ സാബത്തിൽ രോഗശാന്തി നൽകുന്ന കർത്താവിനെ നാം പരിചയപ്പെടുന്നുണ്ട്. (മർക്കോ 3,1 –6)

ക്രിസ്തു സിനഗോഗിൽ പ്രവേശിച്ചപ്പോൾ കൈ ശോഷിച്ച ഒരുവനെ കാണുകയാണ്. കർത്താവ് അവനെ കരുണയോടെ നോക്കുമ്പോൾ അവിടെയുള്ള യഹൂദർ ക്രിസ്തുവിൽ കുറ്റമാരോപിക്കുന്നതിനുവേണ്ടി, സാബത്തിൽ അവൻ രോഗശാന്തി നൽകുമോ എന്ന് അറിയാൻ അവർ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. ഇത് തിരിച്ചറിയുന്ന കർത്താവ് യഹൂദരോടു ചോദിച്ചു;

"സാബത്തിൽ നൻമ ചെയ്യുന്നതോ തിൻമചെയ്യുന്നതോ, ജീവൻ രക്ഷിക്കുന്നതോ

നശിപ്പിക്കുന്നതോ, ഏതാണു നിയമാനുസൃതം?"

ക്രിസ്തുവിന്റെ കുറിക്കുകൊള്ളുന്ന ചോദ്യത്തിന് നിശ്ശബ്ദത ഉത്തരമാകുമ്പോൾ, അവരുടെ ഹൃദയ കാഠിന്യത്തിൽ ദുഃഖിച്ച് അവരെ ക്രോധത്തോടെ നോക്കിക്കൊണ്ട്, ക്രിസ്തു കൈ ശോഷിച്ചവനോടു പറഞ്ഞു:

"കൈ നീട്ടുക"

ക്രിസ്തുവിന്റെ ആജ്ഞയ്ക്കുമുമ്പിൽ അവൻ കൈനീട്ടി; തത്ക്ഷണം അതു സുഖപ്പെട്ടു. ഇവിടെയും ക്രിസ്തു പഠിപ്പിക്കുന്നത് സാബത്തും ബലിയും വേണ്ട എന്നതല്ല. മറിച്ച്, "ബലിജീവിതം കരുണ നിറഞ്ഞ ജീവിതശൈലിയിലേയ്ക്കുള്ള രൂപാന്തരീകരണം" ആയിരിക്കണം എന്നുള്ളതാണ്.

ഈ ദിവസങ്ങളിൽ വളരെ അനുഭവവേദ്യമായ ഒരു കുറിപ്പ് വായിക്കുന്നതിന് ഇടയായി. അതിന്റെ ശീർഷകം "മകനെ നഷ്ടപ്പെട്ട അമ്മ" എന്നായിരുന്നു. അതിന്റെ ഉള്ളടക്കം കാച്ചികുറുക്കി ഇടുത്താൽ ഇപ്രകാരമായിരിക്കും.

"എടീ അമ്മ വൃദ്ധസദനത്തിൽ നിന്നും ചാടീന്ന്."

"ദൈവമേ!!! ആരാ ഉണ്ണിയേട് ഇത് പറഞ്ഞത്?"

"അവിടെ നിന്നും ഇപ്പോ വിളിച്ചിരുന്നു. ഇനിയിപ്പോ എന്താ ചെയ്യാനാ?"

"ഇനി ഇങ്ങോട്ടെങ്ങാനും വരുമോ ആ തള്ള?"

"ഹേയ്, വന്നാലും കുഴപ്പമൊന്നുമില്ല. നാളെ നമ്മൾ ഹോസ്പിറ്റലിൽ പോവല്ലേ. ഇനി നിന്റെ പ്രസവവുമൊക്കെ കഴിഞ്ഞ് നമ്മൾ തിരിച്ചുവരാൻ കുറച്ച് ദിവസമാവില്ലേ, ഇവിടെ വന്ന് നമ്മളെ കാണാതാവുമ്പോൾ താനേ തിരിച്ചു പൊയ്ക്കോളും..."

*ബലിയും കരുണയും തൂക്കിനോക്കുമ്പോൾ ഉയർന്ന് നിൽക്കേണ്ടത് കരുണയാണ്. അതുപോലെതന്നെ, ബലിയും ബലിജീവിതവും തൂക്കിനോക്കുമ്പോൾ ഉയർന്ന് നിൽക്കേണ്ടത് ബലിജീവിതവും!*

രണ്ടു പേരും പരസ്പരം നോക്കി പുഞ്ചിരിച്ചു. പിറ്റേ ദിവസം നേരത്തെ തന്നെ രണ്ടു പേരും ഹോസ്പിറ്റലിൽ എത്തി. പ്രസവതിയ്യതി പറഞ്ഞിരിക്കുന്നത് നാളെയാണ്. അഡ്മിറ്റായി. അവിടെ എത്തിയ ഉടൻ അവൾക്ക് ചെറിയ തോതിൽ വേദന അനുഭവപ്പെടാൻ തുടങ്ങി. ഉണ്ണി ഡോക്ടറെ വിവരം അറിയിച്ചു. അവർ ഡോക്ടർ വരുന്നതും കാത്തു നിന്നു.

കുറച്ചു സമയത്തിന് ശേഷം അവരുടെ മുറിയുടെ കതകിന് പുറത്ത് ആരോ നിൽക്കുന്നതായി ഉണ്ണിക്ക് അനുഭവപ്പെട്ടു. അയാൾ വാതിൽ തുറന്നു നോക്കിയപ്പോൾ പത്ത് മാസം ചുമന്ന് പെറ്റ അമ്മ തന്റെ നേരെ കൈകൾ കൂപ്പി ദയനീയമായി നിൽക്കുന്നതാണ് കണ്ടത്. അമ്മയെ കണ്ടതും ആ പ്രസവവേദനയിലും ഭാര്യ ഉണ്ണിയെ നോക്കി കണ്ണുരുട്ടി. അയാൾ അമ്മയുടെ അടുത്ത് ചെന്ന് പറഞ്ഞു;

"എന്റെ പൊന്ന് അമ്മേ, എന്തിനാ ഇപ്പോ ഇങ്ങോട്ട് കെട്ടിയെടുത്തത്, ഞങ്ങളെ ബുദ്ധിമുട്ടിക്കാനായിട്ട്. അവിടെ അമ്മക്ക് എന്തായിരുന്നു ഒരു കുറവ്?"

അമ്മ ദയനീയമായി തന്റെ മോനെ ഒന്ന് നോക്കി, എന്നിട്ടു പറഞ്ഞു;

"ഒരു കുറവും ഉണ്ടായിരുന്നില്ല മോനേ, നല്ല സുഖമായിരുന്നു. ഞാൻ എന്റെ പേരകുട്ടിയെ ഒരു നോക്ക് കണ്ടിട്ട് പോയ്ക്കൊള്ളാം മോനേ. എന്റെ മോൻ തടസ്സമൊന്നും പറയല്ലേ..."

ഉണ്ണി ഭാര്യയെ ഒന്ന് നോക്കി. അവൾ ദേഷ്യത്തോടെ മുഖം തിരിച്ചു. അവൻ അമ്മയോട് ഒന്നും പറയാതെ മുറിയുടെ അകത്തേക്ക് പോയി. കുറച്ചു സമയം കഴിഞ്ഞപ്പോൾ ഡോക്ടർ വന്നു. അവളെ ഉടൻ ലേബർ റൂമിലേക്ക് മാറ്റി. കുറച്ച് സമയങ്ങൾക്ക് ശേഷം തന്റെ പേരകുട്ടിയുടെ കരച്ചിൽ മുത്തശ്ശിയുടെ കാതിൽ വന്നു പതിച്ചു. ആ മുഖത്ത് സന്തോഷം വിരിഞ്ഞു. കുഞ്ഞിനെ കണ്ട ഉടൻ അമ്മയോട് തിരിച്ച് പോകാൻ മകൻ ആവശ്യപ്പെ. പക്ഷെ, അമ്മ തന്റെ പേരകുട്ടിയോടൊപ്പം ഒരു രണ്ട് ദിവസം നിൽക്കാൻ മോനോട് കെഞ്ചി. അവൻ ദേഷ്യത്തോടെയാണെങ്കിലും സമ്മതിച്ചു. തന്റെ കുഞ്ഞിനെ അമ്മ ലാളിക്കുന്നതും കൊഞ്ചിക്കുന്നതും ഉണ്ണിയുടെ ഭാര്യക്ക് ദഹിച്ചില്ല. അവൾ ഉണ്ണിയോട് തന്റെ പരിഭവം പറയുകയും ചെയ്തു. ഒരു ദിവസം കൂടി കഴിഞ്ഞാൽ അമ്മ പോവുമല്ലോ എന്ന് പറഞ്ഞ്

ഉണ്ണി ഭാര്യയെ ആശ്വസിപ്പിച്ചു. അമ്മക്ക് മകൻ അനുവദിച്ച സമയം അവസാനിച്ചപ്പോൾ, അവർ യാത്ര പറഞ്ഞ് പോകാനൊരുങ്ങിയപ്പോഴാണ് ഉണ്ണിയും ഭാര്യയും തങ്ങളുടെ കുഞ്ഞിനെ കാണാനില്ല എന്ന കാര്യം ശ്രദ്ധിച്ചത്. ഉടൻ തന്നെ ഉണ്ണി ഹോസ്പിറ്റൽ അധികൃതരെ വിവരം അറിയിച്ചു. അവർ സിസി ടിവിയും മറ്റും പരിശോധിച്ചിട്ടും കുഞ്ഞിനെ കുറിച്ച് ഒരു വിവരവും ലഭിച്ചില്ല. ഉണ്ണിയും ഭാര്യയും പരിഭ്രാന്തരായി. പൊട്ടിക്കരയുന്ന തന്റെ ഭാര്യയെ അവൻ ആശ്വസിപ്പിച്ചു. ഹോസ്പിറ്റൽ അധികൃതർ പോലീസില് വിവരം അറിയിച്ചു. പോലീസ് എത്തി അന്വേഷണം ആരംഭിച്ചു. അവരുടെ മുറിയുടെ മുന്നിൽ ആളുകൾ തടിച്ചു കൂടി. തന്റെ കുഞ്ഞിനെ ഓർത്ത് ഒരു ഭ്രാന്തിയെ പോലെ കരയു ഭാര്യയെ ഉണ്ണി നിസ്സഹായനായി നോക്കി നിന്നു. കൂടി നിൽക്കുന്ന ആളുകൾക്ക് അഭിമുഖമായി നിന്നുകൊണ്ട് ഉണ്ണിയുടെ അമ്മ വിളിച്ചു പറഞ്ഞു;

"ഇനി ആരും കുഞ്ഞിനെ അന്വേഷിക്കേണ്ട. കുഞ്ഞ് ഈ മുറിയിൽ തന്നെ ഉണ്ട്. ഞാനാണ് കുഞ്ഞിനെ ഒളിപ്പിച്ചു വെച്ചത്"

ഇത് കേട്ടതും ഒരു ഭ്രാന്തിയെപോലെ ഉണ്ണിയുടെ ഭാര്യ അവർക്ക് നേരെ പാഞ്ഞടുത്തുകൊണ്ട് പറഞ്ഞു; "എങ്ങനെ മനസ്സ് വന്നു തള്ളേ എന്റെ കുഞ്ഞിനെ എന്നിൽ നിന്നും പിരിക്കാൻ. എന്റെ കണ്ണീരിന്റെ ശാപം നിങ്ങളെ വിട്ട് പോകില്ല. പുഴുത്ത് ചാകും നിങ്ങൾ..."

ഒളിപ്പിച്ചു വെച്ച കുഞ്ഞിനെ പുറത്തെടുത്ത് കവിളിൽ ഒരു ഉമ്മ കൊടുത്ത് നിറ കണ്ണുകളോടെ അമ്മ ഉണ്ണിയേയും ഭാര്യയേയും നോക്കി. എന്നിട്ടു പറഞ്ഞു; "ഞാൻ ചെയ്തത് മഹാപാപമാണ് എന്ന് എനിക്കറിയാം. നീ പറഞ്ഞത് ശരിയാണ് മോളെ നിന്റെ കണ്ണീരിന്റെ ശാപം എന്നെ വിട്ട് പോകില്ല. പത്ത് മാസം ചുമന്ന് പെറ്റ കുഞ്ഞിനെ അമ്മയിൽ നിന്നും അകറ്റുന്നത് മഹാപാപം തന്നെയാണ്. വെറും രണ്ട് ദിവസം പ്രായമായ നിന്റെ കുഞ്ഞിനെ കുറച്ചു സമയം കാണാതായപ്പോൾ നീ ഇങ്ങനെ പറയുന്നു. അപ്പോ പത്തു മാസം ചുമന്ന് പെറ്റ, ഞാൻ ഉണ്ണാതെ ഊട്ടി വളർത്തിയ, ഞാൻ താരാട്ട് പാട്ട് പാടി ഉറക്കിയ, എന്റെ കണ്ണ് നിറഞ്ഞാൽ കൂടെ കരഞ്ഞിരുന്ന, എന്നെ ജീവനു തുല്യം സ്നേഹിച്ചിരുന്ന എന്റെ മോനെ എന്നിൽ നിന്നും അകറ്റിയ മോള് ചെയ്തതാണോ പുണ്യം! സ്വന്തം മകനെ കൊണ്ട് എന്നെ വൃദ്ധസദനത്തിൽ ആക്കിച്ചതാണോ പുണ്യം!"

കൂടി നിന്നിരുന്ന ആളുകൾ ഉണ്ണിയേയും ഭാര്യയേയും പുച്ഛത്തോടെ നോക്കി. ഉണ്ണിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് അമ്മ കണ്ടു. "എന്റെ മോൻ കരയേണ്ട. അത് ഈ അമ്മക്ക് സഹിക്കാൻ പറ്റില്ല. ഞാൻ ഇപ്പോൾ പറയുന്നത് മോന് ചിലപ്പോൾ മനസ്സിലാവില്ല. നാളെ നിങ്ങളുടെ മക്കൾ നിങ്ങളോട് ഇങ്ങനെ ചെയ്യുമ്പോഴേ മനസ്സിലാകൂ..." അമ്മ പറഞ്ഞു തീർന്നതും ഉണ്ണി അമ്മയുടെ കാലിൽ വീണതും ഒരുമിച്ചായിരുന്നു...

"ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" (മത്താ 12,7) എന്നതിന്റെ അർത്ഥം ജീവിതശൈലിയായി രൂപപ്പെടുത്തിയിരുന്നെങ്കിൽ ഒരു മക്കളും ഇപ്രകാരം ചെയ്യുകയില്ല. ദേവാലയത്തിൽ പോകുന്നതിലല്ല; മറിച്ച്, ഹൃദയം ദേവാലയമാക്കുന്നിടത്താകണം ദൈവം വസിക്കന്നത്. നിയമങ്ങൾ അനുസരിക്കമ്പോൾ നിയമങ്ങൾക്കുപുറകിലെ ചൈതന്യം വിസ്മരിക്കരുത്!

*നിയമത്തിന്റെ അർത്ഥം മനസിലാക്കാത്തതാണ് ബലിജീവിതം ശുഷ്ക്കമാകാൻ കാരണം! അനുദിനജീവിതത്തിൽ സംഭവിക്കുന്നതും ഇതുതന്നെയാണ്...*



***"ഓരോരുത്തരും സ്വന്തം താത്പര്യം മാത്രം നോക്കിയാൽ പോരാ; മറിച്ച്, മറ്റുള്ളവരുടെ താത്പര്യവും പരിഗണിക്കണം."***

ഫിലിപ്പി 2,4

ഫാ. ജോബി മേനോത്ത്
+91 9447777931